## പതിനാലാം കേരള നിയമസഭ
## 5-ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ : 53** — **26.04.2017 -ൽ മറുപടിയ്ക്ക്**

## കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച ടൂറിസം പദ്ധതികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>,, കെ.ജെ. മാക്സി<br>,, വി. അബ്ദുറഹിമാൻ<br>,, ഐ.ബി. സതീഷ് | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ടൂറിസം പ്രൊപ്പോസലുകളാണ് കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതെന്നും അവയ്ക്ക് ഓരോന്നിനും എത്ര തുകയുടെ അനുമതിയാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ; | (എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തിയ ഗുരുവായൂർ ക്ഷേത്ര വികസനം സംബന്ധിച്ച പദ്ധതി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ സമർപ്പിക്കുകയുണ്ടായി. ഈ പദ്ധതിക്ക് കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും 4614.20 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ആദ്യഗഡുവായി 922.84 ലക്ഷം രൂപ അനുവദിക്കുയും ചെയ്തിട്ടുണ്ട്. |
| (സി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും ഉറപ്പ് ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) നിലവിൽ മറ്റ് പദ്ധതികൾ ഒന്നും തന്നെയില്ല |

സെക്ഷൻ ഓഫീസർ